**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**05 January 2018**
**(17 Rabi'ul Aakhir 1439 AH)**

## NO COMPULSION IN RELIGION". :/ മതത്തിൽ ബലപ്രയോഗമില്ല

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **മതത്തിൽ ബലപ്രയോഗമില്ല** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭി ക്കുകയുണ്ടായി.

മതത്തിൽ ബല പ്രയോഗമില്ല സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യക്തമായി കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പിശാചിനെ തള്ളിക്കളയു കയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ബലമുള്ള കയ റിലാണ് പിടിച്ചിരിക്കുന്നത്. അതിന് തകർച്ചയില്ല അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു 2 : 257

മറ്റു മുസ്ലിം വിഭാഗങ്ങളിലെ മുല്ലാക്കളിൽ ബഹുഭൂരിഭാഗവും തെറ്റായ നിലയിൽ ധരിച്ചു വശായിരിക്കുന്നു മഹ്ദിയുടെ കാലഘട്ടത്തിൽ ഇസ്ലാം സ്വീകരിക്കുവാൻ നിർബന്ധിക്കപ്പെടുന്നതാണെന്ന് ! പരമോന്നതനായ അല്ലാഹു(ത) പറയുന്നു. വിശ്വാസ കാര്യങ്ങളിൽ ഒരു നിർബന്ധവുമില്ല എന്ന്

ഒരു കാലഘട്ടത്തിൽ ക്രിസ്ത്യാനികൾ ക്രിസ്തുമതം ആശ്ലേഷി ക്കുവാൻ ജനങ്ങളെ നിർബന്ധിച്ചിരിന്നു. എന്നാൽ ഇസ്ലാം മത കാര്യ ങ്ങളിൽ നിർബന്ധം ചെലുത്തുന്നതിനെതിരാണ്. സമ്മർദ്ദം ചെലുത്തു ന്നത് ദൈവീക അടയാളങ്ങൾ ലഭ്യമല്ലാത്തവരാണ്. പരിശുദ്ധ പ്രവാച കൻ മുഹമ്മദ് (സ) കാണിച്ച അത്ര ദിവ്യ ദൃഷ്ടാന്തങ്ങൾ മറ്റൊരു പ്രവാ ചകനും കാണിച്ചിട്ടില്ല. മുൻ കഴിഞ്ഞ പ്രവാചന്മാരുടെ ദിവ്യദൃഷ്ടാന്ത

ങ്ങൾ അവരോടൊപ്പം മരണപ്പെട്ടു. എന്നാൽ നമ്മുടെ പ്രവാചകൻ (സ) യുടെ ദിവ്യ അടയാളം ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. അന്ത്യ ദിനം വരെ അതു തുടരുന്നതുമാണ്. എന്നെ പിന്താങ്ങുന്ന എന്തെല്ലാം കാര്യങ്ങളുണ്ടോ അതെല്ലാം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ദിവ്യ ദൃഷ്ടാന്തമാകുന്നു. ഇത്തരം ദൃഷ്ടാന്തങ്ങൾ കാണിക്കാമെന്ന് വാദിക്കുന്ന മറ്റിതര വിശ്വാസത്തിന്റെ ആളുകളാരെങ്കിലുമുണ്ടോ? തീർച്ചയായും ഇല്ല ! അവർ ഒരുപാട് ശ്രമിച്ചു പക്ഷേ ഒരു ദൃഷാടന്തവും കൊണ്ടുവരാൻ സാധിച്ചില്ല. അവരുടെ ദൈവങ്ങൾ കൃത്രിമങ്ങളാണ് അവർ യഥാർത്ഥ ദൈവത്തെ പിന്തുടരുന്നില്ല. ഇസ്ലാം അത്ഭുതങ്ങളുടെ ഒരു സമുദ്രമാണ്. ഇത് ഒരിക്കലും ആരേയും സമ്മർദ്ദം ചെലുത്തിയിട്ടില്ല. അതിന് സമ്മർദ്ദം ചെലുത്തേണ്ട ആവശ്യമില്ല.

ഇസ്ലാം മതം സ്വീകരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദം ചെലുത്തുന്നു എന്ന് പറഞ്ഞാൽ അത് തികച്ചും തെറ്റായ കാര്യമാണ്. വിശുദ്ധ ഖുർ ആനെയും ഹദീസിനെയും ചരിത്രത്തെയും നാം അവലംബമാക്കി ഒരു സൂക്ഷ്മ പഠനം നടത്തിയാൽ ഈ കാര്യം സംശയാതീതമായി തെളിയിക്കുവാൻ സാധിക്കുന്നതാണ് ഇസ്ലാമിന്റെ മേൽ ചാർത്തിയ സമ്മർദ്ദം തികച്ചും വസ്തുത വിരുദ്ധമാണ്. എല്ലാ തെളിവുകളെയും മാറ്റി നിർത്തി ഇസ്ലാമിന്റെ മേൽ മനഃപൂർവ്വം കെട്ടിച്ചമച്ചതും, മുൻ വിധിയോടെയും ആരോപിക്കുന്ന ആരോപണം മാത്രമാണ് മതഭ്രാന്ത് ! ഇത്തരം ആരോപണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല എന്ന് സത്യന്വേഷകർക്ക് പകൽപോലെ വ്യക്തമാകുന്നതാണ്. ഒരു വിശ്വാസ സംഹിതയുടെ മേൽ എങ്ങനെയാണ് ഇത്തരം ആരോപണങ്ങൾ ചാർത്തുവാൻ കഴിയുന്നത്. അതിന്റെ പ്രമാണം അർത്ഥ ശങ്കയ്ക്കിടമില്ലാതെ പ്രാഖ്യാപിക്കുമ്പോൾ മതത്തിൽ യാതൊരു സമ്മർദ്ദവും പാടില്ല. 13 വർഷക്കാലം മക്കയിൽ എല്ലാ വിധ പീഡനങ്ങളും ഏറ്റുവാങ്ങിയ ഒരു പ്രവാചകനും അനുചരന്മാരും യാതൊരു വിധ ശക്തിയും പ്രയോഗിക്കാതെ, ക്ഷമ കൈകൊള്ളുവാൻ ഉപദേശിച്ച ഒരു പ്രവാചകന്റെ മേൽ ഇത്തരം ആരോപണങ്ങൾ കെട്ടിവയ്ക്കുന്നത് ദുഷ്ട മനസ്സുകളാണ് എന്നല്ലാതെ മറ്റെന്തു പറയാനാണ് ?

ഒടുവിൽ ശത്രുവിന്റെ പീഡനം എല്ലാ പരിധികളും ലംഘിച്ചപ്പോൾ,

എല്ലാ ഗോത്രങ്ങളും ഒരു മിച്ചു കൂടി ഇസ്ലാമിനെ ശക്തി ഉപയോഗിച്ച് തകർക്കാമെന്ന് തീരുമാനിച്ചപ്പോൾ ദൈവീക തീരുമാനം നടപ്പിലാവുകയാണ് ചെയ്തത്. വാളെടുക്കുന്നവൻ വാളാൽ വീഴ്ത്തപ്പെടും. മുസ്ലിംങ്ങളെ കൊല്ലുവാൻ വന്നവർ കൊല്ലപ്പെടുകയുണ്ടായി. ഇസ്ലാമിന്റെ പ്രചാരണത്തിന് ഏതെങ്കിലും സമ്മർദ്ദം ചെലുത്തുവാൻ അതു അനുവദിച്ചിരുന്നുവെങ്കിൽ ഇസ്ലാമിന്റെ അനുചരന്മാർ അത് ചെയ്യുമായിരുന്നു. കെട്ടിച്ചമച്ച ആരോപണം മാത്രമാണത്, പരീക്ഷണഘട്ടങ്ങളിൽ അത്തരം യാതൊരു നടപടികളും അവർ കൈക്കൊണ്ടില്ല മറിച്ച് നിഷ്ക്കളങ്ക വിശ്വാസികളായി മാത്രമെ അവർ വർത്തിച്ചിട്ടുള്ളു. വിശ്വാസ മാറ്റത്തിനായി ഒരു സമ്മർദ്ദവും അവർ ഒരിക്കലും ചെയ്തിട്ടില്ല ! ഈ വസ്തുത ശരിയാണ് എന്ന് തെളിയിക്കുവാൻ ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമില്ല. ക്ഷമകൊട്ണ്ടാണ് അവർ തങ്ങളുടെ വിശ്വാസം സ്ഥാപിച്ചത്. മറ്റൊരു ജനതയും ഇത്തരം ക്ഷമ പ്രകടിപ്പിച്ചിട്ടില്ല. അത് ഒരു ചരിത്ര വസ്തുതയുമാണ്. വാളുകളുടെ മുമ്പിൽ അവർ പ്രകടിപ്പിച്ചത് അത്തരം ക്ഷമ ആയിരുന്നു, സഹനതയായിരുന്നു. വിശ്വാസ പ്രകാശം ചൊരിയുന്ന ഒരു ജനതയ്ക്ക് മാത്രമെ ഇത്തരം ക്ഷമ കൈകൊള്ളുവാൻ സാധിക്കുകയുള്ളു.

ഇസ്ലാം വാൾകൊണ്ടാണ് പ്രചരിപ്പിക്കേണ്ടത് എന്ന് ഒരു യഥാർത്ഥ മുസ്ലിമും ഒരിക്കലും വിശ്വസിച്ചിട്ടില്ല. ഇസ്ലാം പ്രചരിച്ചത് അതിന്റെ മഹോന്നതങ്ങളായ ആശയങ്ങൾ കൊണ്ടാണ്. വാളുകൊണ്ടാണ് ഇസ്ലാം പ്രചരിക്കേണ്ട്ത് എന്ന് വിശ്വസിക്കുന്നവർ, ഇസ്ലാമിന്റെ സ്വതസിദ്ധമായ സത്ഗുണങ്ങൾ മനസ്സിലാക്കത്തവരാണ്, അവരുടെ സമീപനം വന്യജീവികൾക്കു സമാനമാണ്. പരിശുദ്ധ പ്രവാചകൻ (സ) വാളെടുത്തത് ജനങ്ങളെ ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്താനാണ് എന്ന് ജല്പിക്കുന്നവർ, അവരുടെ അജ്ഞതയുടെ തീയാണ് ആളികത്തിക്കുന്നത്. ചില ക്രീസ്ത്രീയ പാതിരിമാരും ഈ അഭിപ്രായം വെച്ചു പുലർത്തുന്നവരായിട്ടുണ്ട്. ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഒരു സത്യപ്രസ്ഥാനത്തിന്റെ മേൽ ഉന്നയിക്കുന്നതിനെക്കാൾ വലിയ അനീതിയും കള്ളവും മറ്റൊന്നില്ല. അതിന്റെ സുവ്യക്തമായ നിർദ്ദേശം മതത്തിൽ യാതൊരു വിധ നിർബന്ധവുമില്ല. എന്നതണ്.

നബികരിം (സ)യും സംഘവും നയിച്ച യുദ്ധങ്ങളൊക്കെ സ്വയം പ്രതിരോധ യുദ്ധങ്ങളായിരുന്നു. ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടി ! സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടി. വാളുമായി വരുന്നവരെ തിരിച്ചോടിക്കുന്നതിനായി ! ദൈവത്തിൽ വിശ്വ സിക്കുന്നതിനെ വാളുപയോഗിച്ച് തടയാൻ വരുന്നവരെ തിരിച്ചോടിക്കുന്ന പ്രക്രിയയാണ് നടത്തിയത്.

വിശുദ്ധഖുർആൻ ആവർത്തിച്ചു തറപ്പിച്ചു പറയുന്നു മതത്തിൽ യാതൊരു വിധ നിർബന്ധവുമില്ല. ഇസ്ലാം മതം സ്വീകരിക്കുന്നതിനായി ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി പരിശുദ്ധ പ്രവാചകൻ ഒരിക്കലും യുദ്ധം ചെയ്തിട്ടില്ല. അദ്ദേഹം യുദ്ധം ചെയ്തത് വളരെയധികം മുസ്ലിം കൾ കൊല ചെയ്യപ്പെട്ടപ്പോഴോ അഥവാ തങ്ങളുടെ ഭവനങ്ങളിൽ നിന്ന് അന്യായമായി പുറത്താക്കപ്പെടുകയോ ചെയ്തപ്പോൾ മാത്രമാണ് ! അതിന് പരിശുദ്ധ ഖുർആൻ അനുവാദം നല്കിയപ്പോൾ മാത്രം. യുദ്ധം ചെയ്യപ്പെടുന്നവർക്ക് അവൻ അക്രമിക്കപ്പെട്ടു എന്നതുകൊണ്ട്- അങ്ങോട്ടും യുദ്ധം ചെയ്യാൻ അനുവദിക്കപ്പെട്ടിരിക്കുന്നു. അവരെ സഹാ യിക്കാൻ അല്ലാഹുവിന് തീർയായും കഴിയും 22 : 40 അഥവാ തുറന്ന ആക്രമണത്തെ പ്രതിരോധിക്കുക അഥവാ അഭിപ്രായ സ്വാതന്ത്യം സം രക്ഷിക്കുക, അഭിപ്രായ സ്വാതന്ത്ര്യത്തിനും വിശ്വാസ സ്വാതന്ത്യത്തിനു മായുള്ള പോരാട്ടം

എന്നാൽ ഇന്നത്തെ മുല്ലാക്കൾ, വിശുദ്ധഖുർആനിലെ ഈ വചനം വായിക്കുന്നു എന്നിട്ട് അവർ തറപ്പിച്ചു പറയുന്നു. മതത്തിൽ യാതൊരു വിധ നിർബന്ധവും ചെലുത്താൻ പാടില്ല. എന്നാൽ ദൗർഭാഗ്യവശാൻ അവർ അതിന്റെ എതിര് പ്രവർത്തിക്കുന്നു. സത്യം അംഗീകരിച്ചതിനു ശേഷം ! എന്നിട്ട് അവർ ഉറപ്പിച്ചു പറയുന്നു. മഹ്ദി വാളുമായി വരുമെ ന്ന്. അമുസ്ലിംകൾ ഇസ്ലാമിനെ പറ്റി പ്രതിപാദിക്കുന്നതിൽ നിന്ന് ഒര ല്പവും ചുരുക്കാതെ അവർ ഭീകരവാദം പുറപ്പെടവിക്കുന്നു.

മതത്തിൽ യാതൊരു വിധ നിർബന്ധവും പാടില്ല. സത്യവും അസ ത്യവും വേർതിരിഞ്ഞിരിക്കുന്നു. ആയതിനാൽ നിർബന്ധത്തിന് അവിടെ സ്ഥാനമില്ല. ഖേദകരമായ കാര്യം എന്ന് തന്നെ പറയട്ടെ. മതത്തിൽ

യാതൊരു വിധ നിർബന്ധവും പാടില്ല എന്ന് പരിശുദ്ധഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണെങ്കിലും ശത്രുതയാൽ നിർഭരമായ ഹൃദയങ്ങൾ, ദൈവവാക്കിനെ തെറ്റായി വ്യഖ്യാനിച്ച്, നിർബന്ധം അനുവദനീയമാക്കപ്പെടുന്നു.

മതസ്വാതന്ത്രം അനിവാര്യമാണ്. പരമോന്നതനായ അല്ലാഹു പറയുന്നു. മതത്തിൽ യാതൊരു നിർബന്ധവും പാടില്ല. ബൈബിളിൽ അത്തരം നിർദ്ദേശങ്ങളൊന്നുമില്ല. പിന്നെന്താണ് പോരാട്ടത്തിലേക്ക് നയിച്ചത്? പോരാട്ടം അടിസ്ഥാന മാർഗ്ഗ നിർദ്ദേശമായിരുന്നെങ്കിൽ, മക്കയിലെ 13 വർഷക്കാലത്തെ പ്രവാചകന്റെ ഭരണകാലം വ്യർത്ഥമായി പോയി. കാരണം ഈ കാലയളവിൽ ഒരു സന്ദർഭത്തിലും അദ്ദേഹം വാളുപയോഗിച്ചില്ല. സത്യം ഇതാണ് അടിച്ചമർത്തലും പീഡനങ്ങളും കൂടിയപ്പോൾ പോരാട്ടം അനുവദനീയമാക്കപ്പെട്ടു. യുദ്ധത്തിന്റെ മാർഗ്ഗ നിർദ്ദേശം ഇതായിരുന്നില്ല. വാളിന്റെ സമയം ആസന്നമായിരിക്കുന്നു. വാളുപയോഗിച്ച് ജനങ്ങളെ ഇസ്ലാമിലേക്ക് കൊണ്ടു വരു! യഥാർത്ഥത്തിൽ മാർഗ്ഗ നിർദ്ദേശം ഇതായിരുന്നു. നിങ്ങളോടു ചെയ്ത തെറ്റുകൾ നിങ്ങൾ സഹനതകൊണ്ടു നേരിട്ടു. ഇപ്പോൾ അവർ വാളെടുത്തിരിക്കുന്നു. അതുകൊണ്ട് നിങ്ങളും വാളുകൊണ്ട് നേരിടുക. എല്ലാ വ്യവസ്ഥയിതിലും അനുവദിക്കുന്ന നിയമമാണ് നിങ്ങളെ ആക്രമിക്കുമ്പോൾ പ്രതിരോധിക്കുക എന്നത്.

2018 ലെ ഏറ്റവും പ്രധാനപ്പെട്ട ഈ വെള്ളിയാഴ്ച ഖുത്തുബ നിങ്ങൾക്ക് നല്ലതുപോലെ മനസ്സിലാക്കുവാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ ! ജമാഅത്ത് അഹ്മദിയ്യായിൽ നിന്ന് പുറത്താക്കപ്പെട്ടിട്ട് 17 വർഷം പിന്നിട്ടിരിക്കുന്നു. 2001 ജനുവരി 5-ാം തീയതി മൗറിഷ്യസ് ദ്വീപിന് ചുറ്റും വെള്ളിയാഴ്ച ഖുത്തുബയിൽ അഹ്മദിയ്യ മുസ്ലിം, അസ്സോസിയേഷൻ സന്തോഷപൂർവ്വം രുചിയോടെ ഞങ്ങളുടെ മാംസം ഭക്ഷിച്ചു. ഇസ്ലാമിലെ അധ്യാപനങ്ങളുടെ ഏറ്റവും വലിയ സത്തയെ അവർ നിരസ്ക്കരിക്കുകയായിരുന്നു. ഞങ്ങൾ എന്താണ് ചെയ്തത് ? ഇസ്ലാമിലെ യഥാർത്ഥ അധ്യാപനങ്ങളെ ഈ വർഷങ്ങളിലൂടെ ഞങ്ങൾ പ്രബോധനം ചെയ്തു. യഥാർത്ഥ ഇസ്ലാമിനെ പറ്റി ചിന്തിക്കുവാനും സ്വയം സംസ്ക്കരിക്കുവാനും

അവരെ ക്ഷണിച്ചു. ഇപ്പോള്‍ 17 വര്‍ഷം പിന്നിട്ടിരിക്കുന്നു. അവര്‍ മട ങ്ങിവന്നില്ല

അല്ലാഹുവിന്റെ അനുഗ്രഹത്താല്‍, ഈ വിനീത സേവകനും അല്ലാഹുവിന്റെ ഖലീഫയുമായ എന്നോട് വാഗ്ദാനം ചെയ്തപോലെ ജമാഅത്തുസ്സഹീഹില്‍ ഇസ്ലാം ലോകത്തിന്റെ ചുറ്റും വ്യാപിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തുവാന്‍ പദ്ധതി തയ്യാറാക്കിയവര്‍, അവര്‍ സ്വയം നശിച്ചൊടുങ്ങുന്നതാണ്. പശ്ചാത്താപിക്കുകയും സ്വയം സംസ്ക്കരിക്കുകയും ചെയ്യുന്നവരൊഴികെ ! ലോകമെങ്ങുമുള്ള എന്റെ നിഷ്ക്കളങ്കരായ അനുചരന്മാരെ അല്ലാഹു അനുഗ്രഹിക്കട്ടെ ! ചെറുതും വലുതുമായ സഹായ ഹസ്തത്തിലൂടെ അല്ലാഹുവിനെയും അവന്റെ ദൂതരെയും സഹായിക്കുന്നവര്‍, അല്ലാഹുവിന്റെ തൃപ്തിക്കായി അവന്റെ മാര്‍ഗ്ഗത്തില്‍ അര്‍പ്പിക്കുന്ന എല്ലാ ത്യാഗങ്ങളെയും അല്ലാഹു (ത) സ്വീകരിക്കട്ടെ ! ആമീന്‍ ഈ ലോകത്തും വരും ലോകത്തും നിങ്ങള്‍ക്ക് അല്ലാഹു ഏറ്റവും നല്ല പ്രതിഫലങ്ങള്‍ നല്കട്ടെ! വിജയത്തിനു മേല്‍ വിജയത്തിലേക്ക് മുന്നേറുവാന്‍ വിനയത്തോടെ, ആത്മാര്‍ത്ഥയോടെ, സത്യസന്ധതയോടെ, യഥാര്‍ത്ഥ വിശ്വാസത്തോടെ നമുക്ക് സാധിക്കട്ടെ ! ഇത്തരം വിശ്വാസത്തിന് പര്‍വ്വതങ്ങളെ ഇളക്കിമറിക്കുവാന്‍ കഴിയും ! നമ്മുടെ ഏറ്റവും വലിയ നിധി കുംഭത്തെ കീഴ്പ്പെടുത്തുവാന്‍ കഴിയട്ടെ ! അല്ലാഹുവും അവന്റെ അനന്തമായ നമ്മോടുയുള്ള സ്നേഹവും ! ഇന്‍ശാ അല്ലാഹ് ! ആമീന്‍

**Translated By : R. Jamaludin Raother**
**& Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**